"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നംകുളം നിയോജക മണ്ഡലത്തിലെ കലശ്ശമല ഓണാഘോഷം 2025 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2201/2025/LSGD തീയതി,തിരുവനന്തപുരം, 12-09-2025

പരാമർശം:- 1. ബഹു.കുന്നംകുളം എം.എൽ.എ. യുടെ 21.08.2025 ലെ കത്ത്.

**ഉത്തരവ്**

കുന്നംകുളം നിയോജകമണ്ഡലത്തിലെ കലശമല ടൂറിസം വില്ലേജിൽ "കലശമലയിൽ ഓണം 2025" എന്ന പേരിൽ സംഘടിപ്പിക്കുന്ന ഓണാഘോഷ പരിപാടികൾക്ക് നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ ബഹു. കുന്നംകുളം എംഎൽഎ ശിപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുന്നംകുളം നിയോജകമണ്ഡലത്തിലെ കലശമല ടൂറിസം വില്ലേജിൽ "കലശമലയിൽ ഓണം 2025" എന്ന പേരിൽ സംഘടിപ്പിക്കുന്ന ഓണാഘോഷ പരിപാടികൾക്ക് **ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ** നിന്നും ₹60,000/- രൂപയും (അറുപതിനായിരം രൂപ മാത്രം) **ചൊവ്വന്നൂർ, പോർക്കുളം ഗ്രാമപഞ്ചായത്തുകളിൽ** നിന്നും **₹40,000/- രൂപ** (നാൽപതിനായിരം രൂപ മാത്രം) വീതവും **കാട്ടകാമ്പാൽ, കടവല്ലൂർ, വേലൂർ, കടങ്ങോട് ഗ്രാമപഞ്ചായത്തുകളിൽ** നിന്നും ₹10,000/- രൂപ (പതിനായിരം രൂപ മാത്രം) വീതവും തനത് ഫണ്ടിൽ നിന്ന് ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 12-09-2025 16:07:39